# സ്തബ്ധമാക്കുന്ന മാന്ത്രികത

**(എമിലി ജെയ്ൻ ബ്രോണ്ടെ)**

**[വിവ: പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]**

ഇരുളുന്ന നിശ എന്നെ ചൂഴുന്നു,
വൻ ശൈത്യക്കൊടുങ്കാറ്റു വീശുന്നു,
എന്നാലെന്നെ ഒരു ക്രൂരസ്തബ്ധത
[വരിഞ്ഞുമുറുക്കുന്നു.
പക്ഷേ,
പോകാനെനിക്കാകില്ല,
എനിക്കതു കഴിയില്ല.

ഹിമഭാരത്തിൽ
വൻമരങ്ങളുടെ നഗ്നചില്ലകൾ ചായുന്നു,
കൊടുങ്കാറ്റിന്റെ ശക്തി ക്ഷയിക്കുന്നു.
എങ്കിലും
എനിക്കു പോകാൻ കഴിയില്ല.

എനിക്കു മീതേ
മേഘത്തിനു മുകളിൽ മേഘം;
എനിക്കു കീഴേ
പാഴ്‌വസ്തുക്കളുടെ
അവശിഷ്ടത്തിന്നപ്പുറം അവശിഷ്ടം;
ചേതനയറ്റ ഒന്നിലും ഞാൻ ചലിക്കില്ല –
ഞാൻ വിട്ടുപോകില്ല
എനിക്കു പോകാൻ കഴിയില്ല.
*****************************************************************************